അടിയന്തര

നമ്പർ : ICPS 2/29470/2017

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 13/11/2017

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ആഫ്റ്റർ കെയർ ഹോം ഫോർ അഡൊളസെൻറ് ഗേൾസ്, മഹിളാ മന്ദിരം എന്നിവിടങ്ങളിലെ താമസക്കാർക്ക് തൊഴിൽ പരിശീലനം - കുക്കിംഗ്,ഹൗസ് കീപ്പിംഗ് - സംബന്ധിച്ച്

പ്രമുഖ ഹോട്ടൽ ശൃംഖലകളുള്ള താജ് ഹോട്ടൽസ് തിരുവനന്തപുരത്തെ അവരുടെ സ്ഥാപനത്തിൽ വച്ച് രണ്ട് പരിശീലനങ്ങൾ സംഘടിപ്പിച്ചിരിയ്ക്കുന്നു. രണ്ട് കോഴ്സുകളുടേയും വിശദവിവരം താഴെക്കൊടുക്കുന്നു:-

1. **കുക്കിംഗ്:-**
   കോഴ്സിൻെറ കാലദൈർഘ്യം - 6 മാസം
   മിനിമം വിദ്യാഭ്യസ യോഗ്യത - എട്ടാം സ്റ്റാൻഡേർഡ് പാസായിരിക്കണം
   വയസ്സ് - 18 വയസ്സ് കഴിഞ്ഞിരിയ്ക്കണം.

2. **ഹൗസ് കീപ്പിംഗ്:-**
   കോഴ്സിൻെറ കാലദൈർഘ്യം - 4 മാസം
   മിനിമം വിദ്യാഭ്യാസ യോഗ്യത - എസ്.എസ്.എൽ.സി പാസായിരിക്കണം
   വയസ്സ് - 18 വയസ്സ് കഴിഞ്ഞിരിയ്ക്കണം

വകുപ്പിൻെറ കീഴിലുള്ള ആഫ്റ്റർ കെയർ ഹോം ഫോർ അഡോളസിൻറ് ഗേൾസ്, മഹിളാ മന്ദിരം എന്നീ സ്ഥാപനങ്ങളിൽ മേൽപ്പറഞ്ഞ രണ്ടു കോഴ്സുകളിൽ പങ്കെടുക്കാൻ തൽപ്പരരായ താമസക്കാരുണ്ടെങ്കിൽ അവരെ സംബന്ധിക്കുന്ന വിവരങ്ങൾ 15.11.2017 അഞ്ചു മണിയ്ക്കു മുൻപായി പ്രോഗ്രാം മാനേജർ, സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി, സംയോജിത ശിശു സംരക്ഷണ പദ്ധതി, പൂജപ്പുര, തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. email. ID : icpskerala@gmail.com.

പരിശീലനങ്ങൾ ഈ മാസം 20-ാം തീയതി ആരംഭിയ്ക്കാമെന്നാണ് അധികൃതർ അറിയിച്ചിട്ടുള്ളത്.

PTO

പ്രസ്തുത ക്ഷേമ സ്ഥാപനങ്ങളിലെ താത്പര്യമുള്ളതും ശാരീരിക ക്ഷമതയുമുള്ള താമസക്കാരെ തെരഞ്ഞെടുത്ത് മേൽപ്പറഞ്ഞ കോഴ്സുകളിൽ പങ്കെടുപ്പിക്കാൻ സൂപ്രണ്ടുമാർ ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

1. സൂപ്രണ്ട്
ഗവ ആഫ്റ്റർ കെയർ ഹോം ഫോർ
അഡോളസെന്റ് ഗേൾസ്
കൊല്ലം

2. സൂപ്രണ്ട്
ഗവ ആഫ്റ്റർ കെയർ ഹോം ഫോർ
അഡോളസെന്റ് ഗേൾസ്
കോഴിക്കോട്

3. എല്ലാ മഹിളാ മന്ദിരം സൂപ്രണ്ടുമാർക്കും.

<u>പകർപ്പ്</u>

1. എഫ് സെക്ഷൻ, സാമൂഹ്യ നീതി ഡയറക്ടറേറ്റ്
2. സ്റ്റോക്ക് ഫയൽ